11640
8/6/18

കേരള സർക്കാർ

സംഗ്രഹം

സാമൂഹ്യനീതിവകുപ്പ്- അംഗപരിമിതർക്ക് അടിയന്തിര ഘട്ടങ്ങളിൽ സഹായം നൽകുന്നതിന് പരിരക്ഷ എന്ന പദ്ധതി നടപ്പിലാക്കുന്നതിന് ഒരു ജില്ലാ സാമൂഹ്യനീതി ഓഫീസർക്ക് 5 ലക്ഷം രൂപ വീതം എല്ലാ ജില്ലാ സാമൂഹ്യനീതി ഓഫീസർമാർക്കുമായി 70 ലക്ഷം രൂപയ്ക്ക് ഭരണാനുമതി നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

സാമൂഹ്യനീതി (ഡി) വകുപ്പ്

സ.ഉ(ആർ.റ്റി) നം. 310/2018/സാ.നീ.വ തിരുവനന്തപുരം, തീയതി 25.05.2018

---

പരാമർശം- 1. സാമൂഹ്യനീതി ഡയറക്ടറിൽ നിന്നും ലഭിച്ച 09.04.2018-ലെ ഡി3-4609/18 നമ്പർ കത്ത്

2. 20.04.2018 ലെ വർക്കിംഗ് ഗ്രൂപ്പ് യോഗത്തിന്റെ മിനിട്ട്സ്

## ഉത്തരവ്

അംഗ പരിമിതർക്ക് അടിയന്തിര ഘട്ടങ്ങളിൽ സഹായം നൽകുന്നതിന് പരിരക്ഷ എന്ന പേരിൽ ഒരു പദ്ധതി നടപ്പിലാക്കുന്നതിനും ടി ആവശ്യത്തിന് ഒരു ജില്ലാ സാമൂഹ്യനീതി ഓഫീസർക്ക് 5 ലക്ഷം രൂപ വീതം എല്ലാ ജില്ലാ സാമൂഹ്യനീതി ഓഫീസർമാർക്കുമായി 70 ലക്ഷം രൂപ 2018-19 സാമ്പത്തിക വർഷം 2235-02-101-60 (P) ശീർഷകത്തിൽ വകയിരുത്തിയിട്ടുള്ള തുകയിൽ നിന്നും അനുവദിക്കുന്നതിനും സാമൂഹ്യനീതി ഡയറക്ടർ അഭ്യർത്ഥിച്ചിരിക്കുന്നു.

2. പരിരക്ഷ പദ്ധതി നടത്തിപ്പിനുള്ള മാർഗ്ഗനിർദ്ദേശങ്ങൾ സാമൂഹ്യനീതിഡയറക്ടർ പുറപ്പെടുവിക്കേണ്ടതാണ് എന്ന വ്യവസ്ഥയോടെ പരാമർശം 2 പ്രകാരം വർക്കിംഗ് ഗ്രൂപ്പ് യോഗം പ്രസ്തുത പ്രൊപ്പോസലിന് അംഗീകാരം നൽകി.

3. സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ച് അംഗപരിമിതർക്ക് അടിയന്തിര ഘട്ടങ്ങളിൽ സഹായം നൽകുന്നതിന് പരിരക്ഷ എന്ന പേരിൽ ഒരു പദ്ധതി നടപ്പിലാക്കുന്നതിനും ടി ആവശ്യത്തിന് എല്ലാ ജില്ലാ സാമൂഹ്യനീതി ഓഫീസർമാർക്കുമായി 70 ലക്ഷം രൂപ ( എഴുപത് ലക്ഷം രൂപ മാത്രം) പരിരക്ഷ പദ്ധതി നടത്തിപ്പിനുള്ള മാർഗ്ഗനിർദ്ദേശങ്ങൾ സാമൂഹ്യനീതിഡയറക്ടർ പുറപ്പെടുവിക്കേണ്ടതാണ് എന്ന വ്യവസ്ഥയോടെ 2018-19 സാമ്പത്തിക വർഷം 2235-02-101-60 (P) ശീർഷകത്തിൽ വകയിരുത്തിയിട്ടുള്ള തുകയിൽ നിന്നും അനുവദിച്ച് ഭരണാനുമതി നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

ഗവർണ്ണറുടെ ഉത്തരവിൻ പ്രകാരം,
ബിജു പ്രഭാകർ ഐ.എ.എസ്
സ്പെഷ്യൽ സെക്രട്ടറി

ഡയറക്ടർ, സാമൂഹ്യനീതി വകുപ്പ്, തിരുവനന്തപുരം
പ്രിൻസിപ്പൽ അക്കൌണ്ടന്റ് ജനറൽ(ആഡിറ്റ്),കേരള, തിരുവനന്തപുരം
അക്കൌണ്ടന്റ് ജനറൽ( എ & ഇ),കേരള, തിരുവനന്തപുരം
ധനകാര്യ വകുപ്പ്
ട്രഷറി ഓഫീസർ, ജില്ലാ ട്രഷറി, തിരുവനന്തപുരം
സാമൂഹ്യനീതി(എ) വകുപ്പ് (ഇനം നമ്പർ 6 പ്രകാരം)
ആസൂത്രണസാമ്പത്തികകാര്യവകുപ്പ്
ഇൻഫർമേഷൻ & പബ്ലിക് റിലേഷൻസ്(വെബ് & ന്യൂ മീഡിയ) വകുപ്പ്
സ്റ്റോക്ക് ഫയൽ/ഓഫീസ് കോപ്പി

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ